**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4052** **17-03-2025 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ രണ്ടാം വിള നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങളും സ്വീകരിച്ച് വരുന്ന നടപടികളും വിശദമാക്കാമോ; | (എ) | നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് വേണ്ടതായ എല്ലാ സൗകര്യങ്ങളും എല്ലാ വർഷങ്ങളിലും നെല്ല് സംഭരണ സീസൺ ആരംഭിക്കുന്ന സമയത്ത് സർക്കാരിന്റെ നെല്ലുസംഭരണ ഏജൻസിയായ സപ്ലൈകോ മുഖേന സജ്ജമാക്കാറുണ്ട്. ഇതിനു മേൽനോട്ടം വഹിക്കുവാനുള്ള ഉദ്യോഗസ്ഥ സംവിധാനവും സപ്ലൈകോ ലഭ്യമാക്കിയിട്ടുണ്ട്. 2024-25 സീസണിലെ രണ്ടാംവിള നെല്ല്സംഭരണം ആരംഭിക്കുന്നതിനു മുന്നോടിയായി 2025 ജനുവരി 1 മുതൽ കർഷക രജിസ്ട്രേഷനായി സപ്ലൈകോ പാഡിപോർട്ടൽ (www.supplycopaddy.in) ഓപ്പൺ ചെയ്തു നൽകിയിട്ടുണ്ട്.<br><br>നിലവിൽ സംസ്ഥാനത്തു 2024-25സീസണിൽcrop-1ൽ 57,455 കർഷകരിൽ നിന്ന് 1,45,616.954 MTഉം crop-2ൽ 13,675 കർഷകരിൽ നിന്ന് 32,415.804 MT നെല്ലും സംഭരിച്ചിട്ടുണ്ട് (ആകെ 2024-25 സീസണിൽ ഇതുവരെ (05-03-25 വരെ) 71,130കർഷകരിൽനിന്ന് 1,78,032.758 MT നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്) |
| (ബി) | നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ; | (ബി) | 2024-25 സീസണിൽ 57 മില്ലുകൾ നെല്ല് സംഭരണത്തിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| (സി) | നെല്ലിന്റെ സംഭരണവില നൽകുന്നതിന് ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (സി) | കർഷകർക്ക് നെല്ലിന്റെ സംഭരണവില നൽകുന്നതിനായി SBI, CANARA എന്നീ ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ട്. ഇപ്രകാരം SBI യുമായി നടപ്പിലാക്കിയ ധാരണാപത്രത്തിന്റെ കാലാവധി 28.05.2025 ലും, CANARA ബാങ്കുമായി ഏർപ്പെട്ട ധാരണാപത്രത്തിന്റെ കാലാവധി 31.03.2025നും അവസാനിക്കുന്നതാണ്. കർഷകരിൽനിന്നും 28.02.2025വരെ സംഭരിച്ച |

| | | | |
|---|---|---|---|
| | | | നെല്ലിന്റെ വില ബന്ധപ്പെട്ട ബാങ്കുകൾക്ക് സപ്ലൈകോ കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ